കെ. എസ്. ആർ. ടി. സി. സ്പെഷ്യൽ സർവ്വീസ് ചാർജ്ജ്

14 |*243| ശ്രീ. സി. മോയിൻകുട്ടി :

,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്സവകാലങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിൽ പോയി വരുന്നവർക്ക് വേണ്ടിയും കെ.എസ്.ആർ.ടി.സി. നടത്തുന്ന സ്പെഷ്യൽ സർവ്വീസുകളിൽ യാത്രക്കൂലി നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് ;

(ബി) ഇത് സാധാരണ ബസ് സർവ്വീസുകളിൽ ചുമത്തുന്ന ചാർജ്ജിന്റെ ഇരട്ടിയോളം വരുന്നുണ്ടെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ചാർജ്ജ് വർദ്ധനയ്ക്ക് കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) സർക്കാർ ഉത്തരവ് ജി. ഒ. (പി) നമ്പർ 24/2001/ട്രാൻ. 28-9-2001 പ്രകാരം ഉത്സവകാലങ്ങളിൽ സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിന് 30% അധിക ചാർജ്ജ് ഈടാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഈ വർഷം സർക്കാരിന്റെ പ്രത്യേക നിർദ്ദേശം അനുസരിച്ച് ശബരിമലയിലേക്കും മണ്ഡയ്ക്കാട്ടുകാവിലേക്കുമുള്ള സ്പെഷ്യൽ സർവ്വീസുകൾക്ക് അധിക ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്.

(ബി) 30% അധിക ചാർജ്ജ് ഈടാക്കാൻ വ്യവസ്ഥയുണ്ടായിരുന്നിട്ടും ശബരിമല സ്പെഷ്യൽ സർവ്വീസിന് കെ. എസ്. ആർ. ടി. സി. 20% അധിക ചാർജ്ജ് ഈടാക്കിയിരുന്നുള്ളൂ. ആകയാൽ ചോദ്യത്തിൽ പറയുന്ന പരാതിയ്ക്ക് അടിസ്ഥാനമില്ല.

(സി) സ്പെഷ്യൽ സർവ്വീസുകൾ നടത്തുമ്പോൾ ഒരു ദിശയിലേക്ക് മാത്രമേ യാത്രക്കാരെ ലഭിക്കാറുള്ളൂ. കെ. എസ്. ആർ. ടി. സി. സ്പെഷ്യൽ സർവ്വീസുകൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടിവരുന്നതിനാൽ അധിക ചെലവ് വരുന്നുണ്ട്. ഇതുംകൂടി കണക്കിലെടുത്താണ് അധിക ചാർജ്ജ് ഈടാക്കേണ്ടിവരുന്നത്. എന്നാൽ ഈ വർഷം സ്പെഷ്യൽ സർവ്വീസുകൾക്ക് സർക്കാർ നിർദ്ദേശ പ്രകാരം അധിക ചാർജ്ജ് പിൻവലിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly